പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3895

20.07.2015 ൽ മറുപടിക്ക്

# റാന്നിയിൽ പട്ടയ വിതരണം

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യുവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റാന്നി താലൂക്കിലെ ചൂരക്കുഴി അലിമുക്കിൽ എത്ര കുടുംബങ്ങൾ ക്കാണ് പട്ടയം ലഭിക്കാനുള്ളത്; പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധന എന്നാണ് നടത്തിയത്; ഇപ്പോൾ ഇവിടെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് വീണ്ടും സർവ്വേ പരിശോധനകൾ നടത്തിയിട്ടുണ്ടോ; എന്തു പരിശോധനയാണ് നടത്തിവരുന്നത്; ഇതിനായി പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ചിട്ടുണ്ടോ; പ്രത്യേക സർവ്വേ ടീം പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പി ച്ചിട്ടുണ്ടോ; | (എ) | വിവിധ സഭകളുടെ ശ്മശാനം, ചർച്ച്, പൗരസമിതി, AKCHMS, അഗ്രോ സർവ്വീസ് സെന്റർ, അംഗൻവാടി എന്നിങ്ങനെ 11 മറ്റ് കൈവശങ്ങളുൾ-പ്പടെ 224 കൈവശങ്ങൾ നിലവിൽ പട്ടയം ലഭ്യമാക്കാനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. റാന്നി തഹസീൽദാരുടെ 11.11.14 ലെ F1-B3-8499/99 നമ്പർ നടപടിക്രമം പ്രകാരം സർവ്വേ ടീമിനെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമാണ് 224 കൈവശങ്ങളുണ്ടെന്ന് തിട്ടപ്പെടുത്തിയത്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെ | (ബി) | ഉണ്ട്. 07.07.2015 ൽ. ഇക്കാര്യത്തി-ലുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നത്തിൻമേലുള്ള |

| | | | |
|---|---|---|---|
| | ങ്കിൽ എന്നാണ് ലഭിച്ചത്; ഇതിന്മേൽ ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ; ഇതു സംബന്ധിച്ച് ഫയൽ നമ്പർ ലഭ്യമാക്കാമോ; ഇപ്പോൾ ഫയൽ ആരുടെ പക്കലാണുള്ളതെന്ന് അറിയിക്കുമോ? | | നിയമവശങ്ങൾ പരിശോധിച്ച് അനന്തര നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതാണ്. ഈ വിഷയത്തിലുള്ള ഫയൽ നമ്പർ 35264/പി2/12/റവ ആണ്. |

സെക്ഷൻ ഓഫീസർ